**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2470** **21-01-2021 - ൽ മറുപടിയ്ക്ക്**

**കോട്ടയത്തെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പോർട്സ് & അപ്ലൈഡ് റിസർച്ച് സെന്റർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | **Shri E. P. Jayarajan**<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) | |
| (എ) | കോട്ടയത്ത് 11.25 ഏക്കർ സ്ഥലം അനുവദിച്ച് തറക്കല്ലിട്ട ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പോർട്സ് & അപ്ലൈഡ് റിസർച്ച് സെന്ററിന്റെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കുമോ; | (എ) | സ്പോർട്സ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്ന പദ്ധതി പരിഗണനയിലില്ല. |
| (ബി) | കേരളത്തിലെ സ്പോർട്സ് താരങ്ങൾക്ക് ശാസ്ത്രീയ പരിശീലനം നല്കുന്നത് ലക്ഷ്യമിട്ട് തുടങ്ങിയ ഈ പദ്ധതിയ്ക്ക് പകരം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 'സൂസൻ മേബിൾ തോമസ് ഇൻഡോർ സ്റ്റേഡിയം' പ്രഖ്യാപിക്കുവാൻ സർക്കാരിനെ പ്രേരിപ്പിച്ച സാഹചര്യം വ്യക്തമാക്കുമോ; | (ബി) | 2016-17 ബഡ്ജറ്റിൽ ഓരോ ജില്ലയിലും ഒരു ഇൻഡോർ സ്റ്റേഡിയം എന്ന ലക്ഷ്യത്തോടെ കിഫ്ബി പദ്ധതിയുൾപ്പെടുത്തി എല്ലാ ജില്ലകളിലും ഓരോ ജില്ലാ സ്റ്റേഡിയങ്ങൾ പ്രഖ്യാപിച്ചിരുന്നു. അപ്രകാരം കോട്ടയം ജില്ലയിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന ജില്ലാ സ്റ്റേഡിയമാണ് സൂസൻ മേബിൾ തോമസ് ഇൻഡോർ സ്റ്റേഡിയം ജില്ലയിൽ മറ്റൊരിടത്തും അനുയോജ്യമായ സ്ഥലം ലഭ്യമല്ലാതിരുന്ന സാഹചര്യത്തിൽ, മേൽ സ്റ്റേഡിയത്തിനായി പ്രസ്തുത സ്ഥലമാണ് കണ്ടെത്തിയിട്ടുള്ളത്. പ്രസ്തുത സ്റ്റേഡിയത്തിന്റെ ഡി.പി.ആർ കിഫ്ബി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത ഇൻഡോർ സ്റ്റേഡിയത്തിന്റെ നിർമ്മാണ പുരോഗതി വ്യക്തമാക്കുമോ; | (സി) | 2016-17 ബഡ്ജറ്റിൽ ഓരോ ജില്ലയിലും ഒരു ഇൻഡോർ സ്റ്റേഡിയം എന്ന ലക്ഷ്യത്തോടെ കിഫ്ബി പദ്ധതിയുൾപ്പെടുത്തി എല്ലാ ജില്ലകളിലും ഓരോ ജില്ലാ സ്റ്റേഡിയങ്ങൾ പ്രഖ്യാപിച്ചിരുന്നു. അപ്രകാരം കോട്ടയം ജില്ലയിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന ജില്ലാ സ്റ്റേഡിയമാണ് സൂസൻ മേബിൾ തോമസ് ഇൻഡോർ സ്റ്റേഡിയം ജില്ലയിൽ മറ്റൊരിടത്തും അനുയോജ്യമായ സ്ഥലം ലഭ്യമല്ലാതിരുന്ന സാഹചര്യത്തിൽ, മേൽ സ്റ്റേഡിയത്തിനായി പ്രസ്തുത സ്ഥലമാണ് കണ്ടെത്തിയിട്ടുള്ളത്. പ്രസ്തുത സ്റ്റേഡിയത്തിന്റെ ഡി.പി.ആർ കിഫ്ബി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. |
| (ഡി) | 2020 ലെ ബജറ്റിൽ 40 ലക്ഷം രൂപ വകയിരുത്തിയ | (ഡി) | ഭരണാനുമതി നൽകിയിട്ടില്ല. |

| | | | |
|---|---|---|---|
| | സ്പോർട്സ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന് ഭരണാനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത വിവരങ്ങൾ ലഭ്യമാക്കുമോ? | | |

സെക്ഷൻ ഓഫീസർ